"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം-ജീവനക്കാര്യം- തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമ പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.കല.എസ്.ആർ -ന്റെ മകളുടെ വിവാഹത്തിന് ധന സഹായം അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.750/2026/LSGD തീയതി,തിരുവനന്തപുരം, 15-03-2026

പരാമർശം:-
1. സ.ഉ(പി) നം 5/2017/ധന, തീയതി 18.01.2017.
2. സ.ഉ(കൈ)നം.82/2023/ധന, തീയതി 01.08.2023
3. ശ്രീമതി.കല.എസ്.ആർ -ന്റെ 24.11.2025 ലെ അപേക്ഷ
4. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23.12.2025ലെ LSGD/PD/38828/2025-DEF2 നമ്പർ കത്ത്.

ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമ പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.കല.എസ്.ആർ -ന്റെ മകളുടെ വിവാഹത്തിന് ധന സഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത സർക്കാരിൽ ലഭ്യമാക്കിയിരുന്നു. മേൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിരുന്നില്ല.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ പരിഗണിച്ച്, അപേക്ഷകയുടെ മകൾ തന്നെയാണ് വിവാഹിതയാവുന്നതെന്ന് തെളിയിക്കുന്ന എസ് എസ് എൽ സി പോലുള്ള രേഖ പരിശോധിച്ച് വകുപ്പ് തലവൻ ഉറപ്പ് വരുത്തണമെന്ന വ്യവസ്ഥയിലും, ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായും തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമ പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.കല.എസ്.ആർ -ന്റെ മകളുടെ വിവാഹത്തിലേയ്ക്കായി, പരാമർശം (2) ഉത്തരവ് പ്രകാരം 6% പലിശനിരക്കിൽ 3,00,000/- (മൂന്ന് ലക്ഷം മാത്രം) രൂപയുടെ വിവാഹവായ്പ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) തുക കൈമാറുന്നതിന് മുൻപായി അപേക്ഷകനിൽ നിന്നും 200/- രൂപ വിലയുള്ള മുദ്ര പത്രത്തിൽ നിശ്ചിത മാതൃകയിലുള്ള സമ്മതപത്രം ഒപ്പിട്ട് വാങ്ങേണ്ടതാണ്.

ii) പരമാവധി തിരിച്ചടവ് കാലാവധി അറുപത് തവണകളായി നിജപ്പെടുത്തേണ്ടതും തുക കൈപ്പറ്റിക്കഴിഞ്ഞ് തൊട്ടടുത്ത മാസം മുതൽ തിരിച്ചടവ് ആരംഭിക്കേണ്ടതുമാണ്.

iii) ജീവനക്കാരി സേവനത്തിൽ നിന്ന് വിരമിക്കുന്നതിന് 1 വർഷത്തിന് മുൻപ് തിരിച്ചടവ് (മുതലും പലിശയും ഉൾപ്പെടെ) പൂർത്തീകരിച്ചിരിക്കണം. അടവ് തുക ശേഷിക്കുന്നുണ്ടെങ്കിൽ അത്

അപേക്ഷകയുടെ DCRG യിൽ നിന്ന് ക്രമീകരിക്കേണ്ടതാണ്.

iv) പിൻവലിച്ച് വിതരണം ചെയ്യുന്നതിന് മുൻപായി ലോൺ രജിസ്റ്ററിലും അപേക്ഷകയുടെ സേവനപുസ്തകത്തിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തണം. വായ്പ അനുവദിച്ചു കൊണ്ടുള്ള അനുമതി 2025-26 സാമ്പത്തിക വർഷം തീരുന്നതോടെ റദ്ദാകുന്നതാണ്.

v) വായ്പ അനുവദിക്കപ്പെട്ട ജീവനക്കാരിയുടെ പേരിൽ മറ്റ് മുൻകൂറുകളൊന്നും തീർപ്പാക്കാനവശേഷിക്കുന്നില്ലെന്ന് വകുപ്പ് തലവൻ ഉറപ്പാക്കേണ്ടതാണ്.

vi) പെൺകുട്ടിയുടെ മാതാപിതാക്കൾ രണ്ടു പേരും ക്ലാസ് ഫോർ/പാർട്ട് ടൈം ജീവനക്കാരാണെങ്കിൽ മാതാപിതാക്കളിൽ ഒരാൾക്കു മാത്രമേ വിവാഹധനസഹായത്തിനുള്ള അർഹതയുള്ളൂ "

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
സെക്രട്ടറി, തിരുപുറം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം.(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീമതി.കല.എസ്.ആർ, ഓഫീസ് അറ്റൻഡന്റ്, തിരുപുറം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം.(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ധന വകുപ്പ്(ഡെവ1/19/2026/ധന, തീയതി 19.02.2026 നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(4/ഇപിഎ2/2026/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Sanye M

സെക്ഷൻ ഓഫീസർ